# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 10

# വാർത്താക്കുറിപ്പ്

എം.ജി.യുടെ പ്രൊജക്ടിന് രാജ്യാന്തരതലത്തിൽ അംഗീകാരം

## ബ്രിക്സ് എസ്.റ്റി.ഐ. ഗവേഷണ പദ്ധതികളിൽ ഇടംനേടി മഹാത്മാ ഗാന്ധി സർവകലാശാല

**- എം.ജി. യുടേതടക്കം 35 പ്രൊജക്ടുകൾക്ക് ബ്രിക്സ് അംഗീകാരം**

**- ഇന്ത്യയിൽ നിന്ന് എം.ജി.യടക്കം മൂന്ന് സർവകലാശാലകളുടെ പ്രൊജക്ടുകൾ**

ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളുടെ കൂട്ടായ്മയായ ബ്രിക്സിന്റെ വിദ്യാഭ്യാസ, ഗവേഷണ സഹകരണം ഉറപ്പാക്കുന്ന ശാസ്ത്ര-സാങ്കേതിക-നവീനാശയ (എസ്.റ്റി.ഐ.) പരിപാടിയുടെ ഗവേഷണ പദ്ധതികളിലിടംനേടി മഹാത്മാ ഗാന്ധി സർവകലാശാല. മൂന്നാമത് ബ്രിക്സ് എസ്.റ്റി.ഐ. ഫ്രെയിംവർക്ക് പ്രോഗ്രാമിന്റെ ഭാഗമായി അഞ്ചുരാജ്യങ്ങളിൽ നിന്ന് ക്ഷണിച്ച 331 സംയുക്ത ഗവേഷണ പ്രൊജക്ടുകളിൽനിന്നാണ് മഹാത്മാ ഗാന്ധി സർവകലാശാലയിലെ വൈസ് ചാൻസലറും പ്രശസ്ത പോളിമർ ശാസ്ത്രജ്ഞനും സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അധ്യാപകനുമായ പ്രൊഫ. സാബു തോമസ് സമർപ്പിച്ച പ്രൊജക്ട് തെരഞ്ഞെടുക്കപ്പെട്ടത്.

13 വിഷയങ്ങളിലായി മൊത്തം 35 പ്രൊജക്ടുകൾക്കാണ് ബ്രിക്സ് എസ്.റ്റി.ഐ. അംഗീകാരം നൽകിയത്. ഇന്ത്യയിലെ സർവകലാശാലകളിൽനിന്ന് എം.ജി., ഡൽഹി, മണിപ്പാൽ (ജയ്പൂർ) സർവകലാശാലകളുടെ പ്രൊജക്ടുകൾ മാത്രമാണ് അംഗീകരിക്കപ്പെട്ടത്. രാജ്യത്തെ വിവിധ ഐ.ഐ.ടി.കളുടെയും ദേശീയ ഗവേഷണ സ്ഥാപനങ്ങളുടെയും പ്രൊജക്ടുകളും അംഗീകാരം നേടി. ടിഷ്യൂ എൻജിനീയറിംഗ്, റീജനറേറ്റീവ് മെഡിസിൻ ആപ്ലിക്കേഷനുകൾ എന്നിവയ്ക്കുള്ള ത്രിമാന നാനോ സെല്ലുലോസ് മൾട്ടിഫങ്ഷണൽ മെറ്റീരിയലുകൾ നിർമിക്കുന്നതുമായി ബന്ധപ്പെട്ട മഹാത്മാ ഗാന്ധി സർവകലാശാലയുടെ സംയുക്ത ഗവേഷണ പദ്ധതിക്കാണ് അംഗീകാരം. റഷ്യയിലെ നാഷണൽ റിസർച്ച് ഒഗറേവ് മൊർഡോവിയ സ്റ്റേറ്റ് സർവകലാശാലയുടെയും ചൈനയിലെ ഹുവാസോങ് ശാസ്ത്രസാങ്കേതിക സർവകലാശാലയുടെയും സഹകരണത്തോടെയാണ് പ്രൊജക്ട് നടപ്പാക്കുക. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് മഹാത്മാ ഗാന്ധി സർവകലാശാലക്ക് സാമ്പത്തിക സഹായം നൽകുക.

സുസ്ഥിരകൃഷി, ഭക്ഷ്യസുരക്ഷ, ഊർജ കാര്യക്ഷമത, ഫോട്ടോണിക്സ് തുടങ്ങി വിവിധ മേഖലകളിൽ സഹകരണം ഉറപ്പുവരുത്തുന്നതിനായി 2015ൽ ബ്രിക്സ് രാജ്യങ്ങൾ എസ്.റ്റി.ഐ. ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതിന്റെ ഭാഗമായി മുൻഗണന വിഷയങ്ങളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും ബഹുമുഖ സംയുക്ത ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായാണ് ബ്രിക്സ് എസ്.റ്റി.ഐ. ഫ്രെയിംവർക് പ്രോഗ്രാം ആരംഭിച്ചത്. 2016 മുതലാണ് അംഗരാജ്യങ്ങളിൽ നിന്ന് ബഹുമുഖ ഗവേഷണ പ്രൊജക്ടുകൾ ബ്രിക്സ് ക്ഷണിച്ചുതുടങ്ങിയത്.

(പി.ആർ.ഒ/39/2165/2019)

## പരീക്ഷ പുനഃക്രമീകരിച്ചു

ഡിസംബർ 12ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ 'മീഡിയ, എത്തിക്സ് ആന്റ് എജ്യൂക്കേഷൻ' എന്ന പേപ്പറിന്റെ പരീക്ഷ ജനുവരി മൂന്നിന് നടക്കും.

(പി.ആർ.ഒ/39/2166/2019)

## ഹാൾടിക്കറ്റ് വിതരണകേന്ദ്രം

ഡിസംബർ 18ന് ആരംഭിക്കുന്ന ബി.കോം ഡിഗ്രി (മോഡൽ 1 - പാർട്ട് 3 മെയിൻ) വാർഷിക സ്കീം സ്പെഷൽ മേഴ്സിചാൻസ് (അദാലത്ത് - സ്പെഷൽ മേഴ്സിചാൻസ് 2018 റഗുലർ/പ്രൈവറ്റ് പഠനം) പരീക്ഷകളുടെ ഹാൾടിക്കറ്റ് വിതരണകേന്ദ്രങ്ങളായി. വിശദവിവരം സർവകലാശാലയുടെ www.mgu.ac.in എന്ന വെബ്സൈറ്റിലെ 'എക്സാമിനേഷൻ നോട്ടിഫിക്കേഷൻസ്' എന്ന ലിങ്കിൽ ലഭിക്കും. വിവിധ കോളേജുകളിൽ രജിസ്റ്റർ ചെയ്തവർ നിശ്ചയിക്കപ്പെട്ട ഹാൾടിക്കറ്റ് വിതരണ കേന്ദ്രങ്ങളിൽനിന്ന് ഹാൾടിക്കറ്റ് കൈപ്പറ്റി രജിസ്റ്റർ ചെയ്ത കോളേജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/2167/2019)

## പരീക്ഷ തീയതി

നാലാം വർഷ ബി.ഫാം സപ്ലിമെന്ററി (2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾ ഡിസംബർ 20 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 11 വരെയും 525 രൂപ പിഴയോടെ 12 വരെയും 1050 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2168/2019)

ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി-2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജനുവരി മൂന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 16 വരെയും 525 രൂപ പിഴയോടെ 17 വരെയും 1050 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ സി.വി. ക്യാമ്പ് ഫീസായി 200 രൂപ പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2169/2019)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം - 2018 അഡ്മിഷൻ റഗുലർ), ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2170/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2171/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ് - റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്), അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2172/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം ന്യായ (സി.എസ്.എസ്. - റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2173/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം വ്യാകരണ (സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2174/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം വേദാന്ത (സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2175/2019)

## എം.ജി.യിൽ മനുഷ്യാവകാശ ദിനാചരണം

മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജീവനക്കാർ മനുഷ്യാവകാശദിന പ്രതിജ്ഞയെടുത്തു. ഭരണവിഭാഗം ചത്വരത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജോയിന്റ് രജിസ്ട്രാർ സാബു തോമസ്, പി.ആർ.ഒ. എ. അരുൺകുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

# <u>ഫോട്ടോ ക്യാപ്ഷൻ</u>

**മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാറിന്റെ നേതൃത്വത്തിൽ ജീവനക്കാർ മനുഷ്യാവകാശദിന പ്രതിജ്ഞയെടുക്കുന്നു.**

(പി.ആർ.ഒ/39/2176/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ